

2017 മാർച്ച് 12

മത്താ. 20:17 – 28

# വചനസന്ദേശം

റവ. ബ്ര. ജോഫ്രി കളരിക്കൽ

ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമായ, യേശുവിന്റെ രക്ഷാകര സംഭവങ്ങളുടെ, അവിടുത്തെ പീഢാനുഭവ മരണ ഉത്ഥാനത്തിന്റെ അനുസ്മരണത്തിലേക്ക്, പ്രാർത്ഥനയും പരിത്യാഗങ്ങളുമായി നീങ്ങുന്ന തന്റെ മക്കൾക്ക് വിചിന്തനത്തിനായി സഭ നല്കുന്ന വചനഭാഗം, ക്രിസ്തു ശിഷ്യരായ സെബദി പുത്രന്മാർ തങ്ങളുടെ അമ്മയുമായി യേശുവിനെ കാണുന്ന രംഗമാണ്. അവരുടെ ഉദ്ദേശമാകട്ടെ, യേശുവിന്റെ രാജ്യത്തിലെ രണ്ടു പ്രധാന സ്ഥാനങ്ങളും.

അധികാരം എന്നും എല്ലാവരെയും മത്തുപിടിപ്പിച്ചിട്ടുള്ള ഒന്നാണ്. അധികാരത്തിന് വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ ഒരുപാട് രാജ്യങ്ങളും, കുടുംബങ്ങളും പ്രസ്ഥാനങ്ങളും തകർന്നിട്ടുണ്ട്. ലോകത്തിന്റെ പുരോഗതിയെ തന്നെ പിറകോട്ട് ആക്കിത്തീർത്തിട്ടുണ്ട്. അടിച്ചമർത്തലുകളെ നിഷ്കാസനം ചെയ്യാൻ അധികാരം കൊണ്ടു മാത്രമേ കഴിയൂ എന്ന് എല്ലാവരും ചിന്തിച്ചിരുന്നു. “അധികാരം കൊയ്യണം ആദ്യം നാം അതുകഴിഞ്ഞാകട്ടെ പൊന്നാര്യൻ” എന്ന വയലാർ കവിത നമ്മെ കൊണ്ടുപോകുന്നത് കേരളത്തിൽ നിലനിന്നിരുന്ന അത്തരം ഒരു ചിന്തയിലേക്കാണ്. യഹൂദരുടെ ചിന്തയും ഇതുതന്നെ ആയിരുന്നു. യഹൂദ ക്രിസ്ത്യാനികൾക്ക് എഴുതപ്പെട്ടതാണ് വി. മത്തായിയുടെ സുവിശേഷം.

വളരെയധികം അടിമത്തത്തിലൂടെ കടന്നുപോയ ഒരു ജനതയായിരുന്നു യഹൂദർ. എന്നാൽ ഈ അടിമത്തത്തിലും, ദൈവം പ്രവാചകന്മാരെ അയച്ച് അവരെ ശക്തിപ്പെടുത്തിയിരുന്നു. പ്രവാചകന്മാർ അവരെ അറിയിച്ച സന്ദേശമാകട്ടെ രക്ഷകനെക്കുറിച്ച് ഉള്ളതും, ‘മിശിഹാ’, രക്ഷകൻ വരും, അവൻ എല്ലാവിധ അടിമത്തത്തിലും നിന്ന് നിങ്ങളെ മോചിപ്പിക്കും. യഹൂദർ തങ്ങളുടെ രാജാവായി വരുന്നവനെ കാത്തിരുന്നു. റോമൻ ഭരണത്തിൽ നിന്നും തങ്ങളെ മോചിപ്പിക്കാനുള്ള വിമോചകനെ. എന്നാൽ യേശുവിൽ ആ രാജാവിനെ കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല. ഒടുവിൽ സാക്ഷ്യം നല്കിയ യോഹന്നാൻ തന്നെ ശിഷ്യരെ അയച്ച് ചോദിച്ചു, വരാനിരിക്കുന്നവൻ നീ തന്നെയോ? യോഹന്നാനെ ഇത്തരമൊരു ചോദ്യം ഉന്നയിക്കാൻ പ്രേരിപ്പിച്ചത് യേശുവിന്റെ ജീവിതം തന്നെയാണ്. രാജാവായി അടിമത്തം നീക്കേണ്ടവൻ പ്രവചിക്കുന്നത് സ്വന്തം മരണം, പ്രവർത്തിക്കുന്നത് സാധാരണക്കാരന്റെയും പാവപ്പെട്ടവരുടെയും ഇടയിൽ. ഇവൻ എങ്ങനെ രാജാവാകും?

ഇന്നത്തെ സുവിശേഷ ഭാഗത്തിൽ ഈശോ ജറുസലേം യാത്രയിലാണ്. അവിടുത്തെ സംബന്ധിച്ചിടത്തോളം തന്റെ രക്ഷാകര സംഭവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം നിറവേറാൻ പോകുന്നു. പ്രവചനങ്ങളിലൂടെ അവിടുന്ന് ശിഷ്യന്മാരോട് ഇക്കാര്യങ്ങൾ അറിയിക്കുന്നു. എന്നാൽ ശിഷ്യന്മാരുടെ ചിന്ത വിചിത്രമാണ്. പീഢാനുഭവ മരണ ഉത്ഥാനം പ്രവചിക്കുന്നവന്റെ രാജ്യത്തിലെ സ്ഥാനങ്ങളാണ് അവരുടെ ലക്ഷ്യം. എന്നാൽ ഈശോയുടെ മറുപടി നമ്മളെ വളരെ ചിന്തിപ്പിക്കുന്നതാണ്, കാരണം അത് കരുതലുള്ള ദൈവത്തിന്റെ ഹൃദയമാണ് തുറന്നുകാട്ടുന്നത്. ചോദിച്ച് പിറകെ നടക്കുന്നവനെ പരിഗണിക്കാതെ അർഹതപ്പെട്ടവന് കൊടുക്കാൻ കരുതലോടെ സജ്ജമാക്കി കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് ഈശോ നമുക്ക് പറഞ്ഞുതരുന്നത്. ആരാണ് ഈ അർഹതപ്പെട്ടവർ എന്ന ചോദ്യം എല്ലാവരുടെയും മനസ്സിൽ ഉയരുമ്പോൾ അതിനും അവൻ മറുപടി നല്കി. എളിമയുള്ളവർ, സ്വയം മറ്റുള്ളവർക്കു വേണ്ടി ചെറുതായവർ, മറ്റുള്ളവരെ തന്നേക്കാൾ വലുതായി കണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്ന, അതൊരു കുടുംബനാഥനാകാം, തന്റെ ജീവിതപങ്കാളിക്കും മക്കൾക്കും വേണ്ടി അദ്ധ്വാനിച്ച് അവരെ ഒരു കുറവും അറിയിക്കാതിരിക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന കുടുംബനാഥൻ. അതൊരു കുടുംബനാഥയാകാം. എനിക്കെന്തു കുറവുണ്ടായാലും എന്റെ സ്വാതന്ത്ര്യവും സന്തോഷവും കുറഞ്ഞുപോയാലും എന്റെ കുടുംബത്തിന് എന്റെ സേവനം ആവശ്യമാണെന്ന് മനസ്സിലാക്കി വീട്ടിൽതന്നെ കഴിഞ്ഞു കൂടുന്ന ഒരു കുടുംബനാഥ. തന്റെ ഏകാന്തതയുടെ നിമിഷത്തിൽ കുടുംബ

ത്തിനുവേണ്ടി ദൈവസന്നിധിയിലേക്ക് പ്രാർത്ഥനകൾ ചേർത്തുവയ്ക്കുന്ന ഒരു അമ്മ. അർഹതപ്പെട്ടവൻ ഒരു മകനോ മകളോ ആകാം. എന്റെ മാതാപിതാക്കൾക്ക് എന്നെക്കുറിച്ച് ചിന്തിച്ചിട്ടോ, എന്റെ സന്തോഷ ത്തിനു വേണ്ടി ദുഃഖിക്കേണ്ടി വരരുത് എന്നു കരുതി തന്റെ സന്തോഷങ്ങൾ നിയന്ത്രിക്കുകയും തന്റെ കൂടി അദ്ധ്വാനം മാതാപിതാക്കളുടെ അദ്ധ്വാനത്തോടു ചേർത്തു വയ്ക്കുന്ന ഒരു മകനോ, മകളോ. ഇത് ആരു മാകാം. തന്റെ മുന്നിൽ വരുന്ന ആവശ്യക്കാരനു നേരെ മുഖം തിരിക്കാതെ അവനെ കേൾക്കുകയും പുഞ്ചിരി യോടെ അവനെ സഹായിക്കുകയും ചെയ്യുന്നവൻ, സങ്കടത്തോടെ തന്നെ സമീപിക്കുന്നവരെ ആശ്വസിപ്പിച്ചു, മുഖത്ത് ഒരു പുഞ്ചിരിയുമായി തിരിച്ചയയ്ക്കുന്നവൻ. ഒരുപക്ഷേ, ഏറെ വേദനകളും കഷ്ടപ്പാടുകളും കാണാൻ ആരുമില്ല, ആരും കാണാതെ ഞാനിവിടെ ഉരുകിത്തീരുന്നു, ആരെന്നെ സഹായിക്കും എന്നു ചിന്തിച്ച് ദൈവത്തെ വിളിച്ച് അപേക്ഷിക്കുന്ന ഒരാളായിരിക്കാം.

ഇതൊരു മനോഭാവമാണ്. ഇതിന്റെ ഉറവിടമാകട്ടെ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും. എനി ക്കൊരു ദൈവമുണ്ട്; അവൻ എല്ലാം കാണുന്നുണ്ട് എന്നുള്ള വിശ്വാസം. നമ്മുടെ പ്രത്യാശ നമ്മുടെ ദൈവ ത്തിലാണ്. കാരണം അവന് നമ്മെ അറിയാം. അവൻ മർത്യനായി ഈ ലോകത്തിൽ ജീവിച്ചവനാണ്. ദരി ദ്രന്റെ വേദനയും അദ്ധ്വാനത്തിന്റെ കടപ്പാടും പാവപ്പെട്ടവന്റെ ജീവിതവും നീതിമാന്റെ സഹനവും അവൻ നേരിട്ടറിഞ്ഞതാണ്. ഈ എല്ലാം അറിയുന്നവനായ അവനിലാണ് നമ്മുടെ പ്രത്യാശ. അവൻ നമ്മുടെ സമാ ധാനമാണ്. ഒരു ക്രിസ്തു ശിഷ്യനെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നത് യേശു പ്രവർത്തിച്ച അത്ഭുതങ്ങ ളല്ല. മറിച്ച് അവന്റെ കുരിശിലെ സഹനവും മരണവും ഉത്ഥാനവുമാണ് അതിലൂടെ അവൻ നമ്മോട് പറയു ന്നത് ഇതാണ്. “ഏറെ സഹനത്തിനും അവസാനമുണ്ട്, ഒരു ഉയിർപ്പുണ്ട്. നമ്മുടെ പ്രത്യാശ ഈ ലോകത്തി ലല്ല. വരാനിരിക്കുന്ന ലോകത്തിലും ദൈവത്തോടു ചേർന്ന മഹത്ത്വത്തിലുമാണ്.

നമുക്ക് ചെറുതാകാം. എളിമയുടെ മാർഗ്ഗത്തിലൂടെ അവനെ പിൻചെല്ലാം. നമ്മെ പൂർണ്ണമായി അറിയു ന്നവനോട് നമ്മുടെ ഹൃദയങ്ങൾ ചേർത്ത് വയ്ക്കാം. അവന്റെ കുരിശിന്റെ വഴിയിലൂടെ സഞ്ചരിച്ചു. ഉത്ഥാന ത്തിന്റെ മഹത്ത്വത്തിൽ പ്രവേശിക്കാൻ അവിടുന്ന് നമ്മെ സഹായിക്കട്ടെ.